സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്, എസ്റ്റേറ്റ് വിഭാഗം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്, എം.ജി.റോഡ്, പുത്തൻചന്ത, തിരുവനന്തപുരം-695001

ഫോൺ:0471-2337790 ഇമെയിൽ:tdbestate@gmail.com വെബ്സൈറ്റ്:www.travancoredevaswomboard.org

*NIT No. 01/EDT/2026-27* **Date: 16/05/2026**

## ടെൻഡർ നോട്ടീസ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്തെ ക്യാന്റീൻ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നടത്തുന്നതിന് മൂന്നുവർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയമുള്ള യോഗ്യരായ അപേക്ഷകരിൽനിന്നും മത്സര സ്വഭാവമുള്ള ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

- ടെണ്ടർ രേഖകൾ നിശ്ചിത ഫീസ് ഒടുക്കി എസ്റ്റേറ്റ് ഡിവിഷൻ ആഫീസിൽനിന്നും ലഭ്യമാക്കേണ്ടതും ടി രേഖകളിൽ വിശദമാക്കിയിട്ടുള്ള പൊതുവായ വിവരങ്ങൾ, ടെണ്ടർ ക്വോട്ട് ചെയ്യുന്നവർക്കായുള്ള നിർദ്ദേശങ്ങൾ, ടെണ്ടറിന്റെ നിബന്ധനകൾ, വ്യവസ്ഥകൾ മുതലായവയ്ക്ക് അനുസൃതമായി ടെണ്ടറുകൾ 28/05/2026 വൈകുന്നേരം 3 മണിയ്ക്ക് മുമ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്, എസ്റ്റേറ്റ് ഡിവിഷൻ, പുത്തൻചന്ത, തിരുവനന്തപുരം-695001 എന്ന മേൽവിലാസത്തിൽ മുദ്രവച്ച കവറുകളിൽ സമർപ്പിക്കേണ്ടതുമാണ്.
- ക്യാന്റീൻ നടത്തിപ്പിലേക്കായുള്ള ടെണ്ടർ നിബന്ധനകൾ, കരാറുകാർക്കുള്ള നിർദ്ദേശങ്ങൾ മുതലായവ വിശദമായി വിവരിക്കുന്ന ടെണ്ടർ രേഖകൾ, ശ്രദ്ധാപൂർവ്വം വായിച്ച് മനസ്സിലാക്കി എല്ലാ പേജുകളിലും ഒപ്പിട്ട് ടെണ്ടർ സമർപ്പിക്കേണ്ടതും ആയത് കരാറിന്റെ ഭാഗമാവുന്നതുമാണ്.
- തെരഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ ആവശ്യമായ എല്ലാ അടുക്കള ഉപകരണങ്ങൾ, പാത്രങ്ങൾ, ഫർണിച്ചറുകൾ മുതലായവയും കൂടാതെ ക്യാന്റീന്റെ നടത്തിപ്പിന് ആവശ്യമായ എല്ലാ അധിക സൗകര്യങ്ങളും കരാറുകാരന്റെ സ്വന്തം ചിലവിൽ സജ്ജീകരിക്കേണ്ടതാണ്.
- ടെണ്ടർ രേഖയിലെ അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഭക്ഷണ സാധനങ്ങളുടെ വിലവിവര പട്ടികയുടെ പ്രൊഫോർമയിൽ വില കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- ടെണ്ടർ സ്ഥിരപ്പെടുത്തുന്നതിനുള്ള മാനദണ്ഡം, ക്യാന്റീൻ നടത്തുന്നതിലെ പ്രവൃത്തി പരിചയം, സാമ്പത്തിക സ്ഥിരത, മതിപ്പ് എന്നിവകൂടി അടിസ്ഥാനപ്പെടുത്തി ആയിരിക്കും.
- വാടക എല്ലാമാസവും 10-ാം തീയതിക്കകം മുൻകൂറായി ദേവസ്വം കമ്മീഷണറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തുന്നതോടൊപ്പം വെള്ളം, വൈദ്യുതി, പാചകവാതകം മുതലായവയുടെ ചിലവുകൾ കരാറുകാരൻ വഹിക്കേണ്ടതുമാണ്.
- ക്യാന്റീന്റെ പ്രവർത്തനസമയം രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ ആയിരിക്കേണ്ടതാണ്.
- തിരുവിതാംകൂർ ദേവസ്വം ബോർഡ് കെട്ടിടത്തിലെ ക്യാന്റീൻ നടത്തിപ്പിന്റെ മേൽനോട്ടത്തിനായി ഒരു 'Canteen Managing Committee' ഉണ്ടായിരിക്കുന്നതാണ്. ടി കമ്മിറ്റിയുടെ തീരുമാനം ടിയാൻ പാലിക്കേണ്ടതാണ്.
- മികച്ച ഗുണനിലവാരമുള്ള ഭക്ഷണസാധനങ്ങൾ മാത്രമേ പാചകത്തിന് ഉപയോഗിക്കുവാനും വിതരണം ചെയ്യുവാനും പാടുള്ളു. കൂടാതെ ഭക്ഷണസാധനങ്ങളുടെ വിലവിവര പട്ടിക അടങ്ങുന്ന ബോർഡ് ക്യാന്റീൻ കെട്ടിടത്തിനുള്ളിൽ വ്യക്തമായി പ്രദർശിപ്പിക്കേണ്ടതുമാണ്.

- ഭക്ഷണസാധനങ്ങൾ സൂക്ഷിക്കുന്നതിലും, തയ്യാറാക്കുന്നതിലും, വിതരണം ചെയ്യുന്നതിലും അത്യന്തം ശ്രദ്ധയും ശുചിത്വവും പാലിക്കേണ്ടതാണ്. കൂടാതെ പാത്രങ്ങൾ, ഫർണിച്ചറുകൾ, പാചക ആവശ്യത്തിനുള്ള ഉപകരണങ്ങൾ മുതലായവ പൂർണ്ണമായി ശുചിത്വ മാനദണ്ഡങ്ങൾ പാലിച്ച് പരിപാലിക്കേണ്ടതാണ്.
- തിരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ ക്യാന്റീൻ നടത്തുന്നതിനായുള്ള ലൈസൻസ്/നിലവിലെ നിയമപ്രകാരം ലഭ്യമാക്കേണ്ട മറ്റ് അവശ്യ രേഖകൾ എന്നിവ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ലഭ്യമാക്കേണ്ടതാണ്.
- ക്യാന്റീന്റെ സീറ്റുകളിൽ 50% തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് മുൻഗണന നൽകി മാറ്റിവക്കേണ്ടതാണ്.
- കരാറുകാരൻ ദേവസ്വം ബോർഡ് ജീവനക്കാരുമായും മറ്റ് ഉപഭോക്താക്കളോടും സൗഹാർദ്ധപരമായ ബന്ധം പുലർത്തേണ്ടതും, ക്യാന്റീൻ ജിവനക്കാരുടെ പെരുമാറ്റം കാരണം യാതൊരു പരാതിക്കും ഇടം നൽകുവാനും പാടുള്ളതല്ല.
- കരാറുകാരൻ ക്യാന്റീൻ കെട്ടിടം, പരിസരം എന്നിവ വളരെ ശ്രദ്ധയോടെ ഉപയോഗിക്കുകയും കൂടാതെ വൃത്തിയായി പരിപാലിക്കേണ്ടതുമാണ്. ക്യാന്റീൻ കെട്ടിടപരിസരത്തിന് പുറത്ത് യാതൊരു പ്രദർശനബോർഡുകളും സ്ഥാപിക്കുവാൻ പാടുള്ളതല്ല.
- ക്യാന്റീനിലെ ഭക്ഷണാവശിഷ്ടങ്ങൾ മറ്റ് മാലിന്യങ്ങൾ എന്നിവ കൃത്യമായി നീക്കം ചെയ്യേണ്ട ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്. മാലിന്യസംസ്ക്കരണം സംബന്ധിച്ച വിവരം തെരഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ പ്രവർത്തനം ആരംഭിച്ച് 10 ദിവസത്തിനുള്ളിൽ canteen managing committee യെ ബോധിപ്പിക്കേണ്ടതാണ്.
- ക്യാന്റീൻ ടെണ്ടറുമായി ബന്ധപ്പെട്ടുള്ള കൂടുതൽ വിവരങ്ങൾ ആഫീസ് പ്രവർത്തി ദിവസങ്ങളിൽ ആഫീസിൽനിന്നും നേരിട്ട് മനസ്സിലാക്കാവുന്നതാണ്.

Sd/-

**എക്സിക്യൂട്ടീവ് എഞ്ചിനീയർ**
**എസ്റ്റേറ്റ് വകുപ്പ്**